കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,
വെബ്സൈറ്റ്: www.prd.kerala.gov.in

---

പത്രക്കുറിപ്പ് 1 'ഭരണഭാഷ-മാതൃഭാഷ' ഒക്ടോബർ 17 വ്യാഴം

# അരൂർ ഉപതിരഞ്ഞെടുപ്പ്: പോളിങ് സാമഗ്രികളുടെ വിതരണം 20ന്

ആലപ്പുഴ: അരൂർ ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇലക്ട്രോണിക് വോട്ടിങ് മെഷീനുകളുടെയും പോളിങ് സാമഗ്രികളുടെയും വിതരണം ഒക്ടോബർ 20ന് രാവിലെ ഏഴു മുതൽ ചേർത്തല പള്ളിപ്പുറം എൻ.എസ്.എസ് കോളജ് ഓഡിറ്റോറിയത്തിൽ സജ്ജീകരിച്ചിട്ടുള്ള 18 കൗണ്ടറുകളിൽ നടക്കും. വോട്ടെടുപ്പിന് ശേഷം ഇലക്ട്രോണിക് വോട്ടിങ് മെഷീനുകളുടെയും മറ്റ് പോളിങ് സാമഗ്രികളുടെയും തിരിച്ചുവാങ്ങൽ 21ന് വൈകിട്ട് ആറു മുതൽ ആരംഭിക്കും. പള്ളിപ്പുറം എൻ,എസ്.കോളേജിൽ സജ്ജീകരിച്ചിട്ടുള്ള സ്ട്രോങ് റൂമുകളിൽ സൂക്ഷിച്ചിട്ടുള്ള ഇലക്ട്രോണിക് വോട്ടിങ് മെഷീനുകൾ വിതരണം നടത്തുന്നതിനായി സ്ട്രോങ് റൂമുകൾ 20ന് രാവിലെ 9 മണിക്ക് തുറക്കുന്ന സമയത്തും വോട്ടിങ്ങിന്ശേഷം പോളിങ് സാമഗ്രികളും ഇ.വി.എമ്മുകളും തിരിച്ചുവാങ്ങി സുരക്ഷിത സൂക്ഷിപ്പിനായി സ്ട്രോങ് റൂമുകളിലാക്കി സീൽ ചെയ്യുന്ന സമയത്തും സ്ഥാനാർത്ഥികളുടെയോ ചീഫ് ഇലക്ഷൻ ഏജന്റുമാരുടെയോ ഇവർ നിയോഗിക്കുന്ന പ്രതിനിധികളുടെയോ സാന്നിധ്യമുണ്ടാകണമെന്ന് വരണാധികാരി അറിയിച്ചു.

# വോട്ടവകാശത്തിന്റെ സന്ദേശവുമായി പട്ടം പറത്തൽ

ആലപ്പുഴ: വോട്ടവകാശത്തിന്റെ പ്രാധാന്യം ജനങ്ങളിലേക്കെത്തിക്കാൻ പട്ടം പറത്തലിലൂടെ സ്വീപ്പ് സംഘം. അരൂർ നിയമസഭാ മണ്ഡലത്തിൽ വോട്ട് ബോധവത്കരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്വീപ്പിന്റെ ഭാഗമായാണ് വ്യത്യസ്തമായ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചത്. ചമ്മനാട് ഇ സി ഇ കെ യൂണിയൻ ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികളാണ് മത്സരത്തിൽ പങ്കെടുത്തത്. ജനാധിപത്യ സംവിധാനത്തിൽ സമ്മതി ദാനാവകാശത്തിന്റെ പ്രധാന്യം വിവരിച്ചുകൊണ്ടുള്ള പട്ടം പറത്തൽ കാണികൾക്ക് ഹരം പകർന്നു.സ്വീപ്പ് നോഡൽ ഓഫീസർ ഷറഫ്. പി.ഹംസ, സ്വീപ്പ് ടീം അംഗങ്ങളായ ഹരികുമാർ, സജിത്ത്,പ്രദീപ്, രഞ്ജിത്ത്, അനീഷ്, ശങ്കർ തുടങ്ങിയവർ നേതൃത്വം നൽകി.

(ചിത്രമുണ്ട്)

# വോട്ട് ചെയ്യണമെന്ന് അഭ്യർത്ഥിച്ച് സൈക്കിൾ റാലി

ആലപ്പുഴ: അരൂർനിയമസഭ നിയോജക മണ്ഡലം ഉപതെരഞ്ഞെടുപ്പിനോടനുബന്ധിച്ചുള്ള സ്വീപ്പ് വോട്ടർ ബോധവൽക്കരണ  പ്രവർത്തനങ്ങളുടെ ഭാഗമായി സംഘാംഗങ്ങൾ തൃച്ചാറ്റുകുളം എൻ.എസ്.എസ് ഹൈസ്കൂൾ വിദ്യാർത്ഥികൾ പങ്കെടുത്ത സൈക്കിൾ റാലി സംഘടിപ്പിച്ചു. തൃച്ചാറ്റുകുളം സ്കൂൾ മുതൽ പെരുമ്പളം ജംഗ്ഷൻ വരെയായിരുന്നു റാലി. ഓരോ പൌരനും ജനാധിപത്യത്തിന്റെ കാവലാളുകളാണെന്നും ജനാധിപത്യം സംരക്ഷിക്കുന്നതിന് വോട്ടവകാശമുള്ള ഓരോ പൌരനും തങ്ങളുടെ വോട്ടവകാശം ഫലപ്രദമായി വിനിയോഗിക്കണമെന്നും മറ്റുമുള്ള സന്ദേശങ്ങളടങ്ങിയ പ്ലക്കാർഡുകൾ വഹിച്ചുകൊണ്ടാണ് വിദ്യാർത്ഥികൾ സൈക്കിൾ റാലിയിൽ പങ്കെടുത്തത്.

(ചിത്രമുണ്ട്)

# അരൂർ ഉപതിരഞ്ഞെടുപ്പ്: പരിശീലനം നൽകി

ആലപ്പുഴ: അരൂർ ഉപതിരഞ്ഞെടുപ്പിലെ മോക്ക് പോൾ നിരീക്ഷിക്കുന്ന ഉദ്യോഗസ്ഥർക്കുള്ള പരിശീലനം നൽകി. പള്ളിപുറം എൻ.എസ്.എസ്. കോളജിലായിരുന്നു പരിശീലനം. അരൂർ നിയോജക മണ്ഡലത്തിനെ 88 സ്ഥലങ്ങളായി തിരിച്ചാണ് നിരീക്ഷണം നടത്തുക. സംസ്ഥാന ട്രെയ്നർ വേലായുധൻ പിള്ളയാണ് ക്ലാസെടുത്തത്. വരണാധികാരി പ്രവീൺദാസ്, ഉപവരണാധികാരി ആർ. അജയകുമാർ, നോഡൽ ഓഫീസർ അബ്ദുൽ റശീദ് എന്നിവർ ക്ലാസുകർക്ക് നേതൃത്വം നൽകി.

# സി-ഡിറ്റ് കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ: സി-ഡിറ്റിന്റെ കവടിയാർ കേന്ദ്രത്തിൽ വിഷ്വൽ മീഡിയ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.  ആറുമാസം ദൈർഘ്യമുള്ള ഡിപ്ലോമ കോഴ്സുകളായ, ഡിപ്ലോമ ഇൻ വെബ് ഡിസൈൻ ആൻഡ് ഡെവലപ്പ്മെന്റ്, മൂന്നുമാസം ദൈർഘ്യമുള്ള നോൺ ലീനിയർ എഡിറ്റിങ് (റഗുലർ/ഈവനിങ്) സർട്ടിഫിക്കറ്റ് കോഴ്സായ ഡിജിറ്റൽ സ്റ്റിൽ ഫോട്ടോഗ്രഫിക്ക്(റഗുലർ/ഈവനിങ്) അഞ്ച് ആഴ്ചയാണ് കാലാവധി. എല്ലാം കോഴ്സുകൾക്കും പ്ലസ്ടുവാണ്  യോഗ്യത. അപേക്ഷിക്കാനുള്ള അവസാന തീയതി ഒക്ടോബർ 26. താൽപര്യമുള്ളവർ തിരുവനന്തപുരം കവടിയാർ ടെന്നീസ് ക്ലബിനു സമീപമുള്ള സി-ഡിറ്റ് കമ്മ്യൂണിക്കേഷൻ കോഴ്സ് ഡിവിഷനുമായി ബന്ധപ്പെടുക. ഫോ:0471 2721917, 8547720167.

# കുംഭാര കോളനികളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ: പിന്നാക്ക വിഭാഗങ്ങളിലെ കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾ തിങ്ങിപാർക്കുന്ന പ്രദേശങ്ങളുടെ സമഗ്ര പുരോഗതിക്ക് ധനസഹായം നൽകുന്ന പദ്ധതിയായ കുംഭാര കോളനികളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് അപേക്ഷ ക്ഷണിച്ചു. കോളനി സ്ഥിതി ചെയ്യുന്ന തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി ഒപ്പുവച്ച പ്രോജക്ട് പ്രൊപ്പോസൽ, റഫ് കോസ്റ്റ് എസ്റ്റിമേറ്റ്, കമ്മിറ്റി തീരുമാനം, സെക്രട്ടറിയുടെ ശിപാർശ കത്ത് സഹിതം ഒക്ടോബർ 30നകം ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, അയ്യൻകാളി ഭൻ, നാലാംനില, കനക നഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ എന്ന വിലാസത്തിൽ അപേക്ഷിക്കണം. വെബ്സൈറ്റ്: www.bcdd.kerala.gov.in